
# കുഞ്ഞുച്ചായൻ (പാസ്റ്റർ ടി. എസ്. എബ്രഹാം)



Pastor T. S. Abraham

ഭാരത പെന്തെക്കോസ്തു ചരിത്രത്തിൽ അനിഷേധ്യമായ സ്ഥാനമുണ്ടായിരുന്ന ചരിത്രപുരുഷനായ ഉണ്ണൂണ്ണി സാറിന്റെ (പാസ്റ്റർ കെ. ഇ. എബ്രഹാം) സീമന്ത പുത്രനായ കുഞ്ഞുച്ചായൻ ഐ.പി.സി.യുടെ ചരിത്രത്തോടൊപ്പം നടന്ന മറ്റൊരു മഹത്‌വ്യക്തിയായിരുന്നു. അദ്ദേഹത്തെക്കുറിച്ച് ചില ഓർമ്മകൾ ഇവിടെ പങ്കവെക്കുന്നത് ഒരു പദവിയായി ഞാൻ കാണുന്നു.

1966-ൽ ഞാൻ കുമ്പനാടുള്ള ബൈബിൾ സ്കൂളിൽ പഠിക്കുവാൻ ചെന്നകാലം മുതലാണ് അദ്ദേഹവുമായുള്ള എന്റെ ബന്ധം ആരംഭിക്കുന്നത്. 66-67 കാലങ്ങളിൽ പ്രസ്തുത കർത്തൃദാസൻ എന്റെ അദ്ധ്യാപകനായിരുന്നു. വിദ്യാർത്ഥികളുടെ ആത്മീയ ഗുരു മാത്രമല്ല, വഴികാട്ടിയും ഉറ്റമിത്രവുമായിരുന്നു താൻ എന്നു പറയുന്നതിൽ അത്യന്തം സന്തോഷമുണ്ട്. ഇന്ന് നിത്യതയിൽ വിശ്രമിക്കുന്ന പാസ്റ്റർ പി. എം. ഫിലിപ്പിന്റെ സന്ദേശത്തിന്റെ ഫലമായാണ് ഉത്തരഭാരതത്തിലേക്ക് സുവിശേഷവുമായി പോകുവാൻ ഞാൻ എന്നെത്തന്നെ സമർപ്പിച്ചത്. എനിക്ക് ലഭിച്ച ഈ ദർശനം പ്രിയ കുഞ്ഞുച്ചായനുമായി ഞാൻ പങ്കുവെയ്ക്കുകയും അദ്ദേഹം എന്നെ വളരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അക്കാലത്ത്, ഇപ്പോൾ മഹത്വത്തിൽ വിശ്രമിക്കുന്ന പാസ്റ്റർ കെ. റ്റി. തോമസ് വടക്കെ ഭാരതത്തിലെ മിഷനറിയായിരുന്നു. അദ്ദേഹത്തിന് സുവിശേഷകരെ ആവശ്യമുണ്ട് എന്ന് മനസ്സിലാക്കിയ ഉണ്ണൂണ്ണി സാർ എന്നെ ഹെബ്രോനിലേക്ക് വിളിപ്പിക്കുകയും, മുമ്പോട്ട് പോകുവാനുള്ള എല്ലാവിധമായ പ്രോത്സാഹനവും ക്രമീകരണവും ചെയ്തു തരികയുമുണ്ടായി. അന്ന് മുതൽ ഉണ്ണൂണ്ണി സാറിന്റെ കുടുംബവുമായുള്ള എന്റെ ബന്ധം ഒന്നുകൂടെ ദൃഢമായി.

1968-ൽ ന്യൂഡൽഹിയിലുള്ള ബെഥേൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ഞാൻ പഠിക്കും കാലം പാസ്റ്റർ ടി. എസ്. എബ്രഹാം എന്റെ അദ്ധ്യാപകനും, തന്റെ മകൻ ഡോ. വത്സൻ എബ്രഹാം സഹപാഠിയുമായിരുന്നു. ആ കാലങ്ങളിൽ കുഞ്ഞുച്ചായനുമായി ആഴമേറിയ ബന്ധം പുലർത്തുവാൻ എനിക്ക് ഇടയായിട്ടുണ്ട്.

ഞങ്ങളുടെ വിവാഹം ആശീർവദിച്ചതും അദ്ദേഹമായിരുന്നു എന്നത് സന്തോഷപുരസരം അനുസ്മരിക്കുന്നു. ഉത്തരഭാരതത്തിൽ ഞങ്ങൾ ശുശ്രൂഷിച്ച അനേക സ്ഥലങ്ങളിൽ അദ്ദേഹം വരികയും ഞങ്ങളോടൊപ്പം പാർത്തതും വളരെ പ്രോത്സാഹനജനകമായിരുന്നു.

ചരിത്രപരമായ ഒരു ചുവടുവെയ്പായിരുന്നു ഐ.പി.സി. മഹാരാഷ്ട്രായുടെ രൂപീകരണം. അതിനാവശ്യമായ ആലോചനകളും മാർഗ്ഗനിർദ്ദേശങ്ങളും അദ്ദേഹം നൽകുകയും, 1990-ൽ അത് പ്രാവർത്തികമായി തീരുകയും ചെയ്തു. അതിനുവേണ്ടി അദ്ദേഹം വഹിച്ച പങ്ക് നന്ദിയോടെ സ്മരിക്കുന്നു. 1991-ലെ ഐ.പി.സി. മഹാരാഷ്ട്രയുടെ പ്രഥമ ജനറൽ ബോഡിയിൽ ഐ.പി.സി. ജനറൽ കൗൺസിൽ നിയോഗിച്ചതനുസരിച്ച് പാസ്റ്റർ ടി. സി. കോശിയോടൊപ്പം അദ്ദേഹം വരികയും പ്രസ്തുത മീറ്റിംഗിന്റെ അദ്ധ്യക്ഷനായിരിക്കുകയും ചെയ്തു. ഇവിടെയുള്ള എല്ലാ ആത്മീക പ്രവർത്തനങ്ങൾക്കും തുടർന്നുള്ള വർഷങ്ങളിൽ അദ്ദേഹം പ്രചോദനമായിരുന്നു.

സ്മരണയിൽ അനവധി കാര്യങ്ങൾ കുറിക്കുവാനുണ്ടെങ്കിലും വിസ്താര ഭയത്താൽ അവയെല്ലാം വിടുന്നു. അദ്ദേഹത്തിന്റെ കുടുംബം ഐ.പി.സി. മഹാരാഷ്ട്രയ്ക്കും വ്യക്തിപരമായി എനിക്കും നൽകിത്തന്ന എല്ലാവിധമായ പ്രോത്സാഹനങ്ങൾക്കും ഞാൻ കൃതാർത്ഥതയുള്ളവനാണ്. നിത്യതയിൽ അനേക തേജസ്വരൂപികളുടെ നടുവിൽ നമ്മുടെ അരുമകാന്തന്റെ മുമ്പാകെ വീണ്ടും അദ്ദേഹത്തെ കണ്ടുമുട്ടാം എന്ന പ്രത്യാശയോടെ ഈ സ്മരണകുറിപ്പുകൾക്ക് വിരാമം കുറിക്കുന്നു.



**Pastor P. Joy**
President - IPC MS

## എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങളെ നിയമിക്കുന്നു

സുവാർത്താ പ്രവർത്തനങ്ങളുടെ വികസനത്തിനും സുഗമമായ നടത്തിപ്പിനുമായി പുതിയ എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങളെ നിയമിക്കുവാനാഗ്രഹിക്കുന്നു. എക്സിക്യൂട്ടീവ് അംഗങ്ങളുടെ അംഗത്വഫീസാണ് സുവാർത്തയുടെ പ്രധാന വരുമാന മാർഗ്ഗമെന്നും, അതുപയോഗിച്ചാണ് കഴിഞ്ഞ വർഷങ്ങളിൽ സുവാർത്ത തുടർച്ചയായി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നതെന്നും ഏവർക്കും അറിവുള്ളതാണല്ലോ. വാർഷിക അംഗത്വ ഫീസായ 10,000 രൂപ തന്ന് സുവാർത്താ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുവാൻ ആഗ്രഹിക്കുന്ന ലോകമെമ്പാടുമുള്ള പെന്തെക്കോസ്തരായ ഏവരെയും ഞങ്ങൾ ഈ മഹൽ ഉദ്യമത്തിലേക്ക് ക്ഷണിക്കുന്നു. താൽപര്യമുള്ളവർ ബന്ധപ്പെടുക.

**Bro. Varghese Kollakompil : 09821 332273**

# തീരുമാനത്തിൽ ഉറച്ചുനിന്ന ധീരനായ നേതാവ്

ഐ.പി.സി. മഹാരാഷ്ട്രയിലെ പ്രവർത്തനങ്ങളിൽ എന്നും എന്നും സ്മരിക്കപ്പെടേണ്ട രണ്ട് പേരാണ് ഈ കഴിഞ്ഞ മാസങ്ങളിൽ നിദ്രപ്രാപിച്ച പാസ്റ്റർ ടി. എസ്. എബ്രഹാം, ബ്രദർ തോമസ് നൈനാൻ എന്നിവർ. കഴിഞ്ഞലക്കം സുവാർത്തായിൽ ബ്രദർ തോമസ് നൈനാനെക്കുറിച്ചു വിശദമായി എഴുതിയിട്ടുള്ളതിനാൽ വീണ്ടും ആ ഭാഗത്തേക്ക് കടക്കുന്നില്ല.

ഐ.പി.സി. മുൻ ജനറൽ പ്രസിഡണ്ടും സഭയുടെ ശുശ്രൂഷകന്മാരിൽ പ്രധാനിയുമായ ഹെബ്രോൻ ബംഗ്ലാവിൽ പാസ്റ്റർ ടി. എസ്. എബ്രഹാം 93-ാമത്തെ വയസിൽ കർത്തൃസന്നിധിയിൽ പ്രവേശിച്ച വിവരം ഇതിനോടകം ഏവരും അറിഞ്ഞിരിക്കുകയാണല്ലോ.

ഹെബ്രോൻ ബൈബിൾ സ്കൂളിൽ ഒരു ബൈബിൾ വിദ്യാർത്ഥിയായിട്ടാണ് ഞാൻ എത്തുന്നത്. അദ്ദേഹം എന്റെ അദ്ധ്യാപകനും ബൈബിൾ കോളജ് പ്രിൻസിപ്പലുമായിരുന്നു. ബൈബിൾ സ്കൂൾ പഠനത്തോടൊപ്പവും പഠനാനന്തരവും സാറപ്പച്ചനോടും (പാസ്റ്റർ കെ. ഇ. എബ്രഹാം) അമ്മച്ചിയോടും പാസ്റ്റർ ടി. എസ്. എബ്രഹാമിനോടൊപ്പവും ബംഗ്ലാവിൽ താമസിപ്പാനും അവസരം ലഭിച്ചത് നന്ദിയോടെ സ്മരിക്കുന്നു. ആ കാലയളവിൽ ഐ.പി.സി. തിരുവല്ല സെന്ററിൽ കുറ്റപ്പുഴ ഐ.പി.സി. സഭയുടെ ശുശ്രൂഷയിൽ ആയിരിപ്പാനും കർത്താവ് എന്നെ സഹായിച്ചു. 1974 ആഗസ്റ്റിൽ ഇന്നത്തെ ചത്തിസ്ഗഢിന്റെ ഭാഗമായ കോർബ ഐ.പി.സി.യിലേക്ക് പോകുന്നതുവരെ പ്രിയ കുഞ്ഞുഞ്ഞുച്ചായനോടൊപ്പം ഒട്ടേറെയിടങ്ങളിൽ യാത്ര ചെയ്തിട്ടുണ്ട്. കാപട്യമില്ലാത്ത നർമ്മം കലർന്ന തന്റെ സംഭാഷണം ഒരു പ്രത്യേകതയായിരുന്നു. ഞാൻ കുറ്റപ്പുഴ ഐ.പി.സി.യിൽ നിന്നും നോർത്തിലേക്കു പോകുവാനുള്ള താൽപര്യം അറിയിച്ചപ്പോൾ ആ ബഹുമാന്യ ദൈവദാസൻ പറഞ്ഞ വാക്കുകൾ ഞാൻ ഒരിക്കലും മറക്കുകയില്ല. ''കുറ്റപ്പുഴയിൽ കുറ്റം ഒന്നും ഇല്ലല്ലോ പിന്നെ ഇപ്പം പോകണമോ?''.

ഞങ്ങൾ കുടുംബമായി താമസിച്ച് ശുശ്രൂഷിച്ചിട്ടുള്ള ചിലയിടങ്ങളിൽ അദ്ദേഹം വന്ന് ശുശ്രൂഷിച്ചിട്ടുണ്ട്. ഗുജറാത്ത് സ്റ്റേറ്റിൽ ജാംനഗർ എന്ന സ്ഥലത്ത് ഞങ്ങൾ പാർത്ത് പ്രവർത്തിക്കുമ്പോൾ സാമ്പത്തികമായി വളരെ പ്രയാസപ്പെട്ട സമയങ്ങളിൽ വീട് വാടയ്ക്കുള്ള ക്രമീകരണങ്ങൾ താൻ ചെയ്തു തരികയുണ്ടായി. തുടർന്നും മറ്റ് അനേക അവസരങ്ങളിൽ ബുദ്ധിമുട്ടിന്റെയും ഞെരുക്കത്തിന്റെയും സ്ഥാനത്ത് എനിക്ക് തണലും ആശ്വാസവുമായിട്ടുള്ളതുമാകുന്നു.

മഹാരാഷ്ട്രയിലെ 16 ഐ.പി.സി. സഭകളും അത്രയും തന്നെ ശുശ്രൂഷകന്മാരുടെയും തീരുമാനപ്രകാരം ഐ.പി.സി. ജനറൽ കൗൺസിലിലേക്ക് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 1990 സെപ്തംബർ 4-ാം തീയതി കൂടിയ ജനറൽ കൗൺസിൽ ഐ.പി.സി. മഹാരാഷ്ട്ര റീജയന് അംഗീകാരം ലഭിക്കുന്നതിന് നിർണ്ണായക പങ്ക് അന്ന് ജനറൽ സെക്രട്ടറിയായിരുന്ന പാസ്റ്റർ ടി. എസ്. എബ്രഹാം വഹിക്കുകയുണ്ടായി. മാത്രമല്ല 1991 ഒക്ടോബർ 12 ന് പാസ്റ്റർ ടി. എസ്. എബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ ഐ.പി.സി. മഹാരാഷ്ട്ര റീജിയൻ ഒന്നാമത്തെ ജനറൽ ബോഡി ചെമ്പൂർ ഹിമാലയ ഹോളിൽ കൂടുകയുണ്ടായി. ഈ ജനറൽ ബോഡിയിൽ പാസ്റ്റർ കെ. വി. കുര്യൻ പ്രസിഡണ്ട്, പാസ്റ്റർ കെ. സി. ചെറിയാൻ - വൈസ് പ്രസിഡണ്ട്, പാസ്റ്റർ കെ. എ. മാത്യു - സെക്രട്ടറി, ബ്രദർ തോമസ് നൈനാൻ ട്രഷറാർ എന്നിങ്ങനെ 21 അംഗ പ്രഥമ കൗൺസിലിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

ഐ.പി.സി. മഹാരാഷ്ട്ര റീയിയന്റെ പല കൺവൻഷനുകളിലും ശുശ്രൂഷകന്മാരുടെ ഓർഡിനേഷനുകളിലും മുഖ്യ അതിഥിയായി അദ്ദേഹം വന്ന് അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷകൾചെയ്തിട്ടുള്ളതുമാകുന്നു. തന്റെ അടുക്കും ചിട്ടയുമുള്ള പ്രസംഗങ്ങൾ കേൾവിക്കാരുടെ മനസ്സിൽ എന്നും ഇടംപിടിച്ചിരുന്നു.

പാസ്റ്റർ ടി.എസ്. എബ്രഹാം ഐ.പി.സി. ജനറൽ പ്രസിഡണ്ടായിരിക്കുമ്പോഴാണ് ഇന്ത്യയിലെ എല്ലാ സ്റ്റേറ്റുകളിലുമുള്ള ഐ.പി.സി. സഭകൾക്ക് പ്രത്യേകം പ്രത്യേകം ഓരോ ഭരണസമിതി എന്ന സുപ്രധാനമായ തീരമാനം 2005-ലെ ഐ.പി.സി. ജനറൽ കൗൺസിലിൽഉണ്ടാകുന്നത്. ഇന്ത്യയിലെ എല്ലാ പിൻകോഡിലും ഐ.പി.സി. ക്ക് ലോക്കൽ സഭകൾ ഉണ്ടാകണമെന്നുള്ളതും തന്റെ വലിയ ആഗ്രഹമായിരുന്നു.

ഇന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്തു യുവജന പ്രസ്ഥാനമായ പി.വൈ.പി.എ. യുടെ സ്ഥാപക നേതാവായിരുന്നു പാസ്റ്റർ ടി. എസ്. എബ്രഹാം. അദ്ദേഹം ഐ.പി.സി. യുടെ ജനറൽ പ്രസിഡണ്ടായി സേവനം അനുഷ്ഠിക്കുന്ന കാലയളവിലാണ് എക്സിക്യൂട്ടീവ് കൗൺസിൽ ഭാരവാഹികളുടെ പ്രായം 80 വയസ് ആക്കി നിജപ്പെടുത്തുവാനുള്ള ഭരണ ഘടനാ ഭേദഗതി താൻ നടപ്പിലാക്കിയത്.

തികഞ്ഞ ശാന്തനും സ്ഥിരതയും സുതാര്യതയുമുള്ള വ്യക്തിത്വത്തിന് ഉടമയുമായിരുന്നു പാസ്റ്റർ ടി. എസ്. എബ്രഹാം. തന്റെ വിയോഗം സഭയ്ക്ക് വിശേഷാൽ ഐ.പി.സി. മഹാരാഷ്ട്രായ്ക്ക് നഷ്ടമാണെങ്കിലും അനതിവിദൂര ഭാവിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ വിട ചൊല്ലുന്നു.



**Pastor K. A. Mathew**
**Secretary - IPC MS**

# ഏറ്റവും ആദരണീയനായ ദൈവദാസൻ

ഇന്ത്യൻ പെന്തെക്കോസ്തു ദൈവ സഭയ്ക്ക് മാത്രമല്ല, പെന്തെക്കോസ്തു സമൂഹത്തിന് ആകമാനം ക്രിസ്തുയേശുവിൽ പ്രോയജനപ്പെട്ടുകൊണ്ടിരുന്ന ആദരണീയനായ ദൈവദാസൻ പാസ്റ്റർ ടി. എസ്. എബ്രഹാം ദൈവം ഈ ലോകത്തിൽ നൽകിയ ശുശ്രൂഷ സ്തുത്യർഹമാം വിധം നിവർത്തിച്ചശേഷം ഫെബ്രു. 5-ാം തീയതി രാവിലെ 7.05 ന് നിത്യതയിൽ പ്രവേശിച്ചു.

നല്ല പോർ പൊരുതു, ഓട്ടം തികച്ച്, വിശ്വാസം കാത്തു നീതിയുടെ കിരീടത്തിനായ് അക്കരെ നാട്ടിൽ പ്രവേശിക്കുന്ന ദൈവദാസന്റെ ദേഹവിയോഗത്തിൽ ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങളോടും ഇന്ത്യൻ പെന്തെക്കോസ്തു ദൈവസഭയോടും ഐ.പി.സി. ചാത്തന്നൂർ സെന്റർ ശുശ്രൂഷകൻ എന്ന നിലയിലയിൽ അവിടെയുള്ള എല്ലാ സഭകളുടെയും കർത്തൃദാസന്മാരുടെയും എന്റെയും കുടുംബത്തിന്റെയും ദുഃഖവും പ്രത്യാശയും അറിയിക്കുന്നു.

എനിക്കും എന്റെ കുടുംബത്തിനും പാ. ടി.എസ്. എബ്രഹാമിനോടും കുടുംബത്തോടും പറഞ്ഞാൽ തീരാത്ത കടപ്പാടുകൾ ഉണ്ട്. എനിക്ക് ഹെബ്രോൻ ബൈബിൾ കോളേജിലും എന്റെ മകൻ പാ. സാം വർഗീസിന് ഇന്ത്യാ ബൈബിൾ കോളേജിലും പഠിക്കുവാൻ ഭാഗ്യം ലഭിച്ചു. എന്റെ ഭാര്യാ ജോയമ്മ വർഗീസ് കഴിഞ്ഞ 20 വർഷക്കാലം ഐ.പി..സി. സോദരി സമാജം ബൈബിൾ സ്കൂളിൽ പഠിപ്പിക്കുവാൻ കാരണമായത് ഹെബ്രോനിലെ മമ്മിയുടെ താൽപര്യം മൂലമാണ്.

കുവൈറ്റിലെ ജോലി രാജിവച്ച് ബൈബിൾ കോളേജിൽ പഠിച്ച് ഒരു സുവിശേഷകനായി നിലകൊള്ളുവാൻ ആഗ്രഹിച്ച എന്നെ ഐ.പി.സി. ചാത്തന്നൂർ സെന്റർ ശുശ്രൂഷകനാക്കിയത് പ്രിയ പപ്പായുടെ പ്രോത്സാഹനവും പ്രിയ മമ്മിയുടെ ഒരു പ്രവചന വാക്കുമായിരുന്നു.

എന്റെ മകൻ പാ. സാം വർഗീസ് ബൈബിൾ കോളേജിലും തുടർന്ന് അമേരിക്കയിലും പഠിക്കുവാൻ ഇടയായത് പാ. ടി.എസ്. എബ്രഹാമിന്റെയും മകൾ മേഴ്സിയുടെയും പ്രോത്സാഹനമായിരുന്നു. 1994-ൽ ഞങ്ങൾ ചാത്തന്നൂരിൽ പണികഴിപ്പിച്ച ഭവനത്തിന്റെ സമർപ്പണ ശുശ്രൂഷയും 2008 ൽ എന്റെ മകൻ പാ. സാം വർഗീസിന്റെ വിവാഹ ശുശ്രൂഷയും നിർവ്വഹിച്ചത് പാ. ടി. എസ്. എബ്രഹാമായിരുന്നു എന്നത് ഈയവസരത്തിൽ ഞങ്ങൾ സന്തോഷത്തോടെ സ്മരിക്കുന്നു.

ഇന്ത്യാ പെന്തെക്കോസ്തു ദൈവ സഭയ്ക്ക് പാ. ടി. എസ്. എബ്രഹാമിന്റെ ദേഹവിയോഗം ഒരു നഷ്ടമാണെങ്കിലും ദൈവരാജ്യത്തിന് ഒരു ലാഭിമായി തീർന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയ്ക്ക് തന്നിലും ശ്രേഷ്ഠന്മാരായ അനേകം ദൈവദാസന്മാരെ ദൈവം നൽകുകയും എഴുന്നേൽപിക്കുകയും ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



Pr. T.E. Varughese and Joyamma
IPC Chathannur Center


Online Seminary

REGISTER NOW!

CHRISTIAN TRAINING NETWORK
Equip Everyone

**Courses Offered**

| Courses | You Can Apply |
|---|---|
| Discipleship training | If you follow Christ |
| Advanced Traing in Church Planting | If you are Baptised / Church Planter / Missionary |
| Advanced Traing in Church Growth | If you are Baptised / Church Planter / Missionary / Elder and Leader of the Church |
| Certificate in Theology (C.Th) | If you are Baptised / Studied up to10th or you have completed any of the above mentioned training |
| Diploma in Theology | 10th pass or C.Th |
| Bachelor of Theology | 12th / D. Th |
| Mastor of Divinity | If you are Graduate /B.Th holder |

+91 94000 40476, +91 94467 54406, +91 82898 23583
E, mail: ctn.onlineseminary@gmail.com

# കൃപയാലാണ്, അതിർ കടക്കരുത് - IV



പാസ്റ്റർ ഡോ. പി.എം. ജോൺസൺ, നവി മുംബൈ

ആദ്യത്തെ മൂന്നു വർഷം ശിമയി തന്റെ വാക്കു പാലിച്ചു. എന്നാൽ തനിക്കു യെരുശലേമിനു പുറത്ത് പോകേണ്ട ആവശ്യം നേരിട്ടപ്പോൾ രാജാവുമായുള്ള ഉടമ്പടി അവൻ മറന്നു. അവന്റെ ഉടമ്പടി ആത്മാർത്ഥമായിരുന്നില്ലയെന്നതാണ് ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത്. കഴിഞ്ഞ മൂന്നു വർഷക്കാലവും ശലോമോനിൽ നിന്നും പ്രത്യേക ഇടപെടലൊന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ ശലോമോൻ ഇതൊന്നും ശ്രദ്ധിക്കുന്നില്ലായെന്നു ഈ മൂഢൻ വിചാരിച്ചുകാണും. അതല്ലെങ്കിൽ ശലോമോൻ നല്ലവനും അനുഗ്രഹിക്കപ്പെട്ടവനുമാകയാൽ ഇനി ഒരിക്കലും അവനെ ശിക്ഷിക്കുകയില്ലെന്നു അവൻ കരുതിക്കാണും. അതുമല്ലെങ്കിൽ ശലോമോൻ ഉടമ്പടിയൊക്കെ എന്നേ മറന്നു കാണുമെന്ന് ഇവൻ ധരിച്ചിരിക്കാം. ഇവിടെ ശിമയിക്ക് ശലോമോനെ മനസ്സിലാക്കുന്നതിൽ പറ്റിയ അബദ്ധം പോലെയാണ് പല വിശ്വാസികൾക്കും ദൈവത്തെ മനസ്സിലാക്കുന്നതിൽ പറ്റിയിരിക്കുന്ന അബദ്ധം. ദൈവം അവരെപ്പോലെയാണെന്നാണ് അവരുടെ വിചാരം. ദൈവം വിശ്വസ്തനാണെന്നു നമുക്കറിയാം. അതങ്ങനെ തന്നെയാണു താനും. എന്നാൽ നാമും വിശ്വസ്തരായിരിക്കേണമെന്നു ദൈവം ആഗ്രഹിക്കുന്നു. സ്നാനപ്പെടുത്തിയതിനുശേഷം, സ്ഥാപകൻ സ്നാനാർത്ഥിയുടെ തലയിൽ കൈവെച്ച് അനുഗ്രഹിക്കുമ്പോൾ, ദൈവവചനത്തിൽ നിന്നും ഇങ്ങനെ പറയാറുണ്ട്. ''മരണപര്യന്തം വിശ്വസ്തനായിരിക്ക, എന്നാൽ നീ ജീവകിരീടം പ്രാപിക്കും''. ദൈവം പാപം ക്ഷമിച്ച, പരിശുദ്ധാത്മാവിന്റെ മന്ദിരമായിരിക്കേണ്ട നമ്മുടെ ജീവിതത്തെ ഒരർത്ഥത്തിൽ ദൈവം നമ്മെത്തന്നെ വിശ്വസിച്ചേൽപ്പിച്ചിരിക്കുകയാണല്ലോ. പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നത്, നിത്യജീവൻ ലഭിക്കാൻ പോകുന്നത്, ദൈവത്തോടും അവന്റെ വചനത്തോടും വിശ്വസ്തത കാണിക്കുന്നവർക്കും ഉടമ്പടി ലംഘിക്കാത്തവർക്കും മാത്രമാണെന്ന കാര്യം നാം പലപ്പോഴും മറന്നുപോകുന്നു. എന്നാൽ ഉടമ്പടി ലംഘിച്ച് ചെറിയ നിലയിൽ പാപം ചെയ്തപ്പോളൊക്കെ പരിശുദ്ധാത്മാവിന്റെ ശക്തമായ ഇടപെടൽ ഉണ്ടാകാത്തതുകൊണ്ട്, നാം വിചാരിക്കുന്നത് ദൈവം ഇതൊന്നും കാര്യമാക്കുന്നില്ലായെന്നാണ്. ശലോമോൻ വെച്ചിരുന്ന അതിർത്തിയെക്കുറിച്ച് ശലോമോനും അതുപോലെ ശിമയിക്കും നല്ല ബോധമുണ്ടായിരുന്നു. എന്നാൽ ശലോമോൻ കാരുണ്യവാനാകയാൽ ശിമയി അതിർത്തി അവഗണിക്കുകയാണുണ്ടായത്. ഇത് ശിമയി മറന്നു പോയതല്ല. മറിച്ച് ലാഘവമായി എടുത്തതുതന്നെയാണെന്നു നമുക്കു മനസിലാക്കാം.

സകല മനുഷ്യർക്കും ദൈവം അതിരുകൾ വച്ചിട്ടുണ്ട്. രക്ഷിക്കപ്പെട്ടുവെന്നഭിമാനിക്കുന്നവർക്കുമുണ്ട് ഈ അതിരുകൾ. ഈ അതിരുകൾ സൂക്ഷിക്കുക എന്നത് ഓരോരുത്തന്റെയും ഉത്തരവാദിത്വമാകയാൽ സൂക്ഷിക്കുന്നത് അഭികാമ്യം. മനുഷ്യനിൽ ദൈവത്തിന്റെ ആത്മാവ് സദാകാലവും വാദിച്ചുകൊണ്ടിരിക്കുകയില്ല, അതുകൊണ്ട് ദൈവം അവന്റെ നാളുകൾക്ക് ഒരു അതിർവച്ചു (ഉൽപ. 6:3). പ്രളയാനന്തരം ഒരു മനുഷ്യൻ ജീവിക്കാവുന്ന പരമാവധി ആയുസ്സ് 120 സംവത്സരമായിരുന്നു. പക്ഷെ മരണത്തിനു ഇതു പ്രശ്നമല്ല. അത് ഈ ആയുസ്സിനുള്ളിൽ എപ്പോഴും സംഭവിക്കാം. എന്നാൽ പിന്നീട് ദൈവം ആയുസ്സിന്റെ ദൈർഘ്യം 120 ൽ നിന്നും കുറച്ചതായി തൊണ്ണൂറാം സങ്കീർത്തനത്തിൽ നിന്നും നമുക്കു മനസിലാക്കാം. ''ഞങ്ങളുടെ ആയുഷ്ക്കാലം എഴുപതു സംവത്സരം; ഏറെ ആയാൽ എൺപതു സംവത്സരം അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ, അതു വേഗം തീരുകയും ഞങ്ങൾ പറന്നു പോവുകയും ചെയ്യുന്നു (സങ്കീ. 90:10). ഇതിനോടകം അവൻ രക്ഷാമാർഗ്ഗത്തിലേക്കു വന്നുകൊള്ളണം. എഴുപത് വർഷമുണ്ടല്ലോ. എൺപത് വർഷം ഉണ്ടല്ലോ എന്നു കരുതിയിരിക്കുന്നത് മൗഢ്യമാണ്. രക്ഷാദിവസവും സുപ്രസാദകാലവും ഇപ്പോഴാണെന്നും അത് നാളെയൊരു ദിവസത്തിലേക്കു വയ്ക്കരുതെന്നും തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ''നാളത്തെ ദിവസം ചൊല്ലി പ്രശംസിക്കരുത്, ഒരു ദിവസത്തിൽ എന്തെല്ലാം സംഭവിക്കും എന്നു അറിയുന്നില്ലല്ലോ (സദൃ. 27:1). ധനവാനായ ഒരു മൂഢന്റെ ഉപമയിൽ കർത്താവ് തന്നെ വ്യക്തമായി ഈ പ്രതിപാദിച്ചിരിക്കുന്നത് മൂഢന്മാർക്ക് ഒരു മുന്നറിയിപ്പാണല്ലോ. ''ധനവാനായോരു മനുഷ്യന്റെ ഭൂമി നന്നായി വിളഞ്ഞു. അപ്പോൾ അവൻ: ഞാൻ എന്തുചെയ്യേണ്ടു? എന്റെ വിളവു കൂട്ടിവെപ്പാൻ സ്ഥലം പോരാ എന്നു ഉള്ളിൽ വിചാരിച്ചു. പിന്നെ അവൻ പറഞ്ഞതു: ഞാൻ ഇതു ചെയ്യും; എന്റെ കളപ്പുരകളെ പൊളിച്ചു അധികം വലിയവ പണിതു എന്റെ വിളവും വസ്തുവകയുമെല്ലാം അതിൽ കൂട്ടിവെക്കും. എന്നിട്ടു എന്നോടു തന്നെ നിനക്കു ഏറിയ ആണ്ടുകൾക്കു മതിയായ അനവധി വസ്തുവക സ്വരൂപിച്ചു വെച്ചിരിക്കുന്നു, ആശ്വസിക്കുക, തിന്നുക, കുടിക്ക, ആനന്ദിക്ക എന്നു പറയും. ദൈവമോ അവനോടു: മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചതു ആർക്കാകും എന്നു പറഞ്ഞു. ദൈവവിഷയമായി സമ്പന്നനാകാ

തെ തനിക്കു തന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു'' (ലൂക്കോ. 12:16-21).

മേലുദ്ധരിച്ചവ രക്ഷിക്കപ്പെടാത്തവരോടുള്ള ബന്ധത്തിൽ ചിന്തിക്കാമെങ്കിൽ, രക്ഷിക്കപ്പെട്ടവനും അതിർ സൂക്ഷിച്ചില്ലെങ്കിൽ അപകടമാണെന്ന് ധരിച്ചിരിക്കേണം. പാപത്തിൽ തുടർന്ന ഒരുവനെക്കുറിച്ച് പൗലോസിന്റെ വിധി ഇപ്രകാരമായിരുന്നു. ''ആത്മാവു കർത്താവായ യേശുവിന്റെ നാളിൽ രക്ഷിക്കപ്പെടേണ്ടതിനു ജഡസംഹാരത്തിനായി സാത്താനു ഏൽപിക്കണം എന്നു വിധിച്ചിരിക്കുന്നു'' (1 കൊരി. 5:5). ഇപ്രകാരമൊരു വിധി വിധിക്കുവാൻ ദൈവസഭയ്ക്കോ, ദൈവദാസനോ അധികാരമുണ്ടോ എന്നു ചിന്തിച്ചു തലമണ്ട കളയുന്നതിനേക്കാൾ നല്ലത് ദൈവസഭയുടെ അതിർ മനസ്സിലാക്കി അതിൽ നിൽക്കുന്നതല്ലേ?

ദൈവം സ്നേഹവാനാണെന്നുള്ള സത്യമാണ് പലരേയും അതിർ ലംഘിക്കുവാൻ ഇടയാക്കുന്നതെങ്കിൽ അറിഞ്ഞുകൊള്ളൂ. പോക്ക് അപകടത്തിലേക്കാണ്. കൃപ ലഭിച്ച ശിമയി അതിർ ലംഘിച്ചപ്പോൾ അതിനു കൊടുത്ത വില തന്റെ ജീവനാണ്. ദൈവത്തിന്റെ കൃപ ശിക്ഷാവിധിയെ ഇല്ലാതാക്കുന്നതാണ്. പക്ഷേ കൃപയിൽ നിൽക്കുക എന്നുള്ളത് കൃപ ലഭിച്ചവരുടെ ഉത്തരവാദിത്വമാണെന്ന കാര്യം മറക്കരുത്. ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല. ക്രിസ്തുയേശുവിലുള്ളവർ അതിർ ലംഘിക്കുകയില്ലായെന്നുള്ളതാണ് സത്യം. ദാവീദ് ശിമയിയോടു ക്ഷമിച്ചിരുന്നുവെങ്കിലും അതു ദാവീദിന്റെ ജീവകാലം വരെമാത്രമായിരുന്നു. ശലോമോനും ക്ഷമിക്കുമായിരുന്നു അവന്റെ ജീവാവസാനം വരെ. പക്ഷേ ശിമയി അതിർ സൂക്ഷിക്കേണ്ടതായിരുന്നു. നമ്മെ സംബന്ധിച്ചിടത്തോളം, നമ്മുടെ കർത്താവ് തന്ന പാപക്ഷമ നിത്യമാണ്, എന്തുകൊണ്ടെന്നാൽ നമ്മുടെ കർത്താവ് മരണത്തെ ജയിച്ചവനും, ഇനി മരണമില്ലാത്തവനുമാണ്. ആകയാൽ നമുക്കു ലഭിച്ച പാപക്ഷമയെക്കുറിച്ച് സംശയിക്കേണ്ടതില്ല. പക്ഷേ സൂക്ഷിക്കേണ്ട ചിലതുണ്ട്. വീണ്ടെടുക്കപ്പെട്ട നമ്മുടെ ജീവിതം അതിനു വേണ്ടി വിലകൊടുത്തവന്റെ ഹിതപ്രകാരം സൂക്ഷിക്കേണ്ടതുണ്ട്. നമ്മുടെ ഇഷ്ടപ്രകാരം ഈ ജീവിതം കൊണ്ടുപോകാൻ നാം നമ്മുടെ വകയല്ല, നാം അവന്റെ വകയാണ്. ഇവിടെ സൂക്ഷിക്കേണ്ട ചില അതിരുകൾ സഭയ്ക്കുണ്ട്. ഈ തോട്ടത്തിനു ഒരു വേലിയുണ്ട്. അതിന്റെ അതിർ വചനമാണ്. പരിശുദ്ധാത്മാവാണ് സഭയേയും സഭാംഗങ്ങളേയും നിയന്ത്രിക്കുന്നത്. വചനത്തെയും പരിശുദ്ധാത്മാവിനെയും വകവെയ്ക്കാതെയുള്ള പോക്ക് നീക്കുപോക്കില്ലാത്ത ശിക്ഷയ്ക്ക് ഏതൊരുവനെയും പാത്രീഭൂതനാക്കും. ''കർത്താവു താൻ പറഞ്ഞുതുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്കു ഉറപ്പിച്ചു തന്നതുമായ ഇത്ര വലിയ രക്ഷം നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും? (എബ്രാ. 2:3-4).

പ്രിയ ദൈവപൈതലേ, നാം അർഹിക്കാത്ത ഒരു വലിയ രക്ഷയാണു നമുക്കു നൽകപ്പെട്ടിരിക്കുന്നത്. ഇതു തികച്ചും കർത്താവിന്റെ കൃപയാൽ മാത്രമാണ് നമുക്കു ലഭിച്ചിരിക്കുന്നത്. പക്ഷേ ദൈവവചനത്തിന്റെ അതിർ വരമ്പുകൾക്കുള്ളിൽ മാത്രമാണ് ഈ രക്ഷ എന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. നാം വിശ്വാസത്തിൽ ഇരിക്കുന്നുവോയെന്നു അതായത് സഭയിൽ തന്നെയാകുന്നുവോ എന്ന് നമ്മെത്തന്നെ പരീക്ഷിക്കേണ്ടിയിരിക്കുന്നു. പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ അവണിച്ചുകൊണ്ട്, കൃപയുടെ ആത്മാവിനെ നിന്ദിച്ചുകൊണ്ട് ഈ രക്ഷാപദ്ധതിയിൽ തുടരുക അസാദ്ധ്യം. അറിഞ്ഞോ അറിയാതെയോ അതിർവരമ്പുകൾ ലംഘിച്ച അനുഭവങ്ങൾ നമുക്കുണ്ടോയെന്നു ഇപ്പോൾത്തന്നെ പരിശോധിക്കാം. നിശ്ചയമായും പരിശുദ്ധാത്മാവ് അതിനു നമ്മെ സഹായിക്കും. കാരണം, പരിശുദ്ധാത്മാവ് പാപത്തെയും നീതിയേയും ന്യായവിധിയേ യും കുറിച്ച് നമ്മെ ബോദ്ധ്യം വരുത്തുന്ന ആത്മാവാണ്. ജീവിതത്തിന്റെ തിരക്കിനുള്ളിൽ നമ്മുടെ ആത്യന്തികമായ രക്ഷയെക്കുറിച്ച് അൽപം ചിന്താക്കുറവ് നമ്മെ ഭരിച്ചേക്കാം. അതാണ് ശിമയിക്ക് പറ്റിയത്. നമ്മുടെ ജീവിതം എപ്പോഴാണ് അവസാനിക്കുന്നതെന്നു നമുക്കറിയില്ലല്ലോ? ആകയാൽ ഇപ്പോഴാകുന്നു സുപ്രസാദകാലം. ധൈര്യത്തോടെ നമുക്ക് കർത്താവിന്റെ അടുത്ത് ചെന്ന് പറയാം. ''നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു'' (1 യോഹ. 1:9). കർത്താവിന്റെ കൃപയിൽ നമുക്ക് ആയിരിക്കാം. കർത്താവ് അതിനു നമ്മെ സഹായിക്കട്ടെ ! ●



# ഒരു വാളു വച്ച പ്രശ്നം

**പാസ്റ്റർ സജി പീച്ചി, മുംബൈ**



വിശ്വാസികളേക്കാൾ അവിശ്വാസികൾക്ക് അനായാസേന മനസ്സിലാകുന്ന ഭാഷയാണ് മേലുദ്ധരിച്ചത്. മദ്യപന്മാർക്ക് ഏറെ പ്രിയങ്കരമായ ഭാഷയും മറ്റൊന്നാകില്ല. അത്തരം വ്യംഗ്യാർത്ഥ പ്രയോഗങ്ങളൊന്നുമല്ല ഇവിടെ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. സാക്ഷാൽ ഒരു വാളുണ്ടാക്കിയ പ്രശ്നം തന്നെ....!

ഗുരുതരമായ പലതും സംഭവിക്കാമെന്നിരുന്നിട്ടും യേശുനാഥന്റെ സമയോചിതമായ ഇടപെടൽ കാര്യങ്ങൾ വളരെ സുതാര്യമാക്കി.

അരുമനാഥനായ കർത്താവ് അരുമ ശിഷ്യരെ തെരഞ്ഞെടുക്കുന്നതിന് ഗലീല കടൽത്തീരം ചേർന്നുള്ള യാത്രയിൽ കണ്ടുമുട്ടിയ വ്യക്തിയായിരുന്നു ശിമോൻ പത്രോസ്. ജീവിത പരാധീനതകളേറെയുണ്ടായിരുന്നിട്ടും പതറാതെ പരനെ പിൻപറ്റുവാൻ പത്രോസ് തയ്യാറായി. അതൊരു ജീവിത വിജയവുമായിരുന്നു. അപ്പോൾ തന്നെ തന്റെ സ്വകാര്യതയിൽ നിന്നും ചിലതൊന്നും വിട്ടുകളയാനും ശിമോൻ പത്രോസിന് കഴിഞ്ഞില്ല. പടകും, വലയും, വാളും, വടിയുമൊക്കെ അതിലുൾപ്പെട്ടിരുന്നു. യഹൂദ സംസ്ക്കാരത്തിന്റെ ഭാഗമാണോ എന്നറിയില്ല. വാൾ അരയിൽ സൂക്ഷിച്ചവരായിരുന്നു ക്രിസ്തു ശിഷ്യരിൽ പലരും (ലൂക്കോ. 22:49). സ്വയം സുരക്ഷയും അതിൽ അന്തർലീനമായിരുന്നു.

വിറ്റുവെന്നും, വിട്ടുവെന്നുമൊക്കെ വീരചരിതം പുലമ്പുമ്പോഴും അൽപം ചെപ്പടി വിദ്യകളൊക്കെ കൈയിൽ സൂക്ഷിക്കുന്ന വിരുതന്മാരും വിശ്വാസ ഗോളത്തിൽ ഇല്ലാതില്ല. സ്നാനപ്പെട്ട ശേഷം ആഭരണം അലമാരിയുടെ അകത്തെ തട്ടിലും, ബാങ്കിന്റെ ലോക്കറിലും സൂക്ഷിക്കുകയും, ഇടക്കിടെ ഒന്നണിഞ്ഞ് സായൂജ്യമടയുന്നവരും, പണത്തിനാവശ്യം വരുമ്പോൾ പണയം വയ്ക്കുന്നവരും ആത്മീയരെന്ന് പറയുന്നവരിൽ ചിലരൊക്കെയുണ്ട്. സകലവും ഉപേക്ഷിച്ചെന്ന് പറയുമ്പോൾ തന്നെ 'ശകലം' മാറ്റി വക്കുന്ന അനന്യാസ് സഫീറമാരും സഭാന്തരീക്ഷത്തിലന്യം നിന്നിട്ടില്ല. സ്വഭാവത്തിലായാലും വസ്ത്രധാരണത്തിലായാലും, അൽപം ചിലതൊക്കെ അവശേഷിക്കുന്നെന്ന് സാരം. അങ്ങനെ ചിലതൊക്കെ കൈയ്യിൽ വക്കുന്നവരുടെ മുന്നണിപ്പോരാളിയാണ് ശിമോൻ പത്രോസ്. പട്ടിണിയും പ്രാരാബ്ധവും രോഗവും ദുഃഖവും പ്രശ്നങ്ങളും കടന്നുവരുമ്പോൾ മുക്കുവ കുടിലുകളുടെ സ്ഥിതി ഏറെ പരിതാപകരവും ക്രിസ്തു ശിഷ്യരുടെ അവസ്ഥ അതിലേറെ ദയനീയവുമാണ്. അതറിയാവുന്ന അരുമനാഥൻ മൂന്നു ദിവസത്തെ 'വചനസുധ'യിലൂടെ അവരുടെ പശി മാറ്റുവാൻ പദ്ധതിയിട്ടു. ഹൃദയത്തിനു മാത്രമല്ല അധരത്തിനും രുചിക്കൂട്ടു പകരുന്ന ഒരത്താഴ വിരുന്ന് അവർക്കൊരുക്കി.

വചനപ്രഭാഷണ കേഴ്വിക്കായ് പോകുന്ന മകനുവേണ്ടിയുള്ള അപ്പം കുഴച്ചു പരുവപ്പെടുത്തുമ്പോൾ തന്നെ, മത്സ്യത്തിന്റെ വയറ്റിൽ കിടന്ന ചതുർദ്രഹ്മപ്പണം കണ്ടവന്റെ കണ്ണ് അതും കണ്ടിരുന്നു. അപ്പോൾ മുതൽ ആ അപ്പം പൊലിച്ചുതുടങ്ങിയിരുന്നു. എന്നാൽ നാഴിക വന്നത് യോഗത്തിന്... ശേഷമായിരുന്നു. വീശിയടിക്കുന്ന കൊടുങ്കാറ്റിന്റെ തിരകൾ ആഴക്കടലിൽ രൂപപ്പെടുംപോലെ അത്ഭുതങ്ങളുടെ ആരംഭം കുറിച്ചത് ബാലകന്റെ കൈയ്യിലെ അഞ്ച് അപ്പത്തിൽ നിന്നല്ല പ്രത്യുത മാതാവിന്റെ കരങ്ങളാൽ അവയെ പരുവപ്പെടുത്തുന്നതിനും മുന്നമേ ആയിരുന്നു. ആ അപ്പമാണ് യേശുവിന്റെ കൈകളിൽ വന്നപ്പോൾ അയ്യായിരം പുരുഷന്മാരുടെയും, സ്ത്രീകളുടെയും പൈതങ്ങളുടെയും പശിയകറ്റിയതെന്ന് മാത്രമല്ല പന്തിരുവരുടെ ഗൃഹാന്തർഭാഗത്തേക്ക് കടന്നുചെന്നതും അവരുടെ ആമാശയങ്ങൾക്ക് ആശ്വാസം പകർന്നതും. പത്രോസിന്റെ കുടിലിലും പരാധീനതകളുടെ വേലിയേറ്റങ്ങൾ വേണ്ടുവോളമുണ്ടായിട്ടുണ്ട്. അവിടെയൊന്നും പത്രോസ് പതറിയില്ല....!

നേരം വെളുക്കുമ്പോൾ മുതൽ വൈകുന്നതുവരെ അനന്തമായ ഗലീല കടലിന്റെ ഉൾപ്പരപ്പിലേക്ക് കണ്ണും നട്ടിരിക്കും .... !

നേരം വൈകാറാകുമ്പോൾ പടകും വലയുമെടുത്ത് സന്തത സഹചാരികളെക്കൂട്ടി വീശാൻ പോകും... ആഴക്കടലിൽ അലഞ്ഞു തിരിഞ്ഞ അനേക സന്ദർഭങ്ങളുണ്ട്.

ചിലപ്പോൾ നിരാശയായിരിക്കും ഫലം...! വല്ലപ്പോഴുമൊക്കെ അൽപ്പാശ്വാസം കിട്ടിയാലായി. ഒത്തിരി അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടാത്ത ഒരു രാത്രി...! നിരാശയുടെ മൂടൽമഞ്ഞ് ഭരിച്ച ആ രാത്രി രൂപപ്പെടുന്നതും നാഥനറിയാതിരുന്നില്ല...! പിറ്റേന്ന് നൈരാശ്യത്തിന്റെ പൂപ്പൽ ബാധിച്ച പടകും വലയും നന്നാക്കുന്നതിനിടെ ശിമോനുള്ള പടകിനടുത്തേക്ക് തൃപ്പാദം വച്ച് കയറിയിരുന്നതും മധുരമൊഴികൾ പകർന്നു കൊടുത്തതുമെല്ലാം മറ്റാരേക്കാളുമുപരിയായി പത്രോസിനെ ലക്ഷ്യം വച്ചായിരുന്നു.

പ്രഭാഷണത്തിനൊടുവിൽ സ്നേഹവായ്പോടെ അടുത്തുവന്ന യേശുമൊഴിഞ്ഞു ‘‘ആഴത്തിലേക്ക് നീക്കി വല ഇറക്കൂ...’’ വിതുമ്പുന്ന മനസ്സിന്റെ തേങ്ങലുകൾ അണപൊട്ടിയൊഴുകിയെങ്കിലും പത്രോസ് സ്വയം നിയന്ത്രിച്ചു. ‘‘നാഥാ രാത്രി മുഴുവൻ അദ്ധ്വാനിച്ചു. ഒന്നും കിട്ടിയില്ല. എങ്കിലും നിന്റെ വാക്കിന് വല ഇറക്കാം എന്നു പറഞ്ഞതേയുള്ളൂ. ന്യായവാദങ്ങളൊന്നും നടത്താൻ മുതിർന്നില്ല. യേശുവിന്റെ വാക്കുകളെ മാനിച്ചു. അതൊരുത്ഭുതത്തിനു മുൻപുള്ള അനുസരണം മാത്രമായിരുന്നു.

ആ അനുസരണമാണ് പിന്നീടങ്ങോട്ട് തന്റെ ജീവിത വിജയത്തിനു മുഖാന്തിരമായത്. സ്നേഹിക്കുകയും

പ്രശംസിക്കുകയും ചെയ്ത യേശു ചില അവസരങ്ങളിൽ പത്രോസിനെ ശാസിച്ചിട്ടുമുണ്ട്. ജനങ്ങൾ എന്നെ ആർ എന്ന് പറയുന്നു എന്ന യേശുവിന്റെ ചോദ്യത്തിന് ''നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു'' എന്നുത്തരം കൊടുത്ത പത്രോസിനെ യേശു പ്രശംസിച്ചു. എന്നാൽ കഷ്ടാനുഭവങ്ങളെക്കുറിച്ച് പത്രോസിനുള്ള ആശങ്ക പ്രകടിപ്പിച്ചപ്പോൾ നിശിതമായി യേശു തന്നെ ശാസിച്ചു. തള്ളിപ്പറഞ്ഞപ്പോഴും തള്ളിക്കളയാത്ത യേശുവിന്റെ നിഷ്കളങ്ക സ്നേഹത്തിന് മുന്നിൽ സഹിക്കാനാവാതെ ഈ പ്രഥമ ശിഷ്യൻ പൊട്ടിക്കരയുന്നതും നമുക്ക് കാണാം.

പടയാളികൾക്കൊപ്പം യേശുവിനെ പിടിക്കാൻ വന്നവരെ നഖശിഖാന്തം എതിർത്ത പത്രോസ് സഹികെട്ട് മഹാപുരോഹിതന്റെ ദാസന് നേരം ആയുധമോങ്ങുന്നു. പടകും വലയും വീണ്ടുമെടുത്തവന്റെ കരങ്ങൾ അരയിൽ വാളിനായി പരതുന്നു. തന്റെ ക്രോധത്തിൽ ഗുരുവിനെ വക വരുത്തുവാൻ വന്നവരെ വകവരുത്താൻ മുതിർന്ന് മല്ക്കോസ് എന്ന ദാസനെ വാളിന്നിരയാക്കുന്നു.

യേശു വീണ്ടും പത്രോസിനെ ശാസിക്കുന്നു. വാളിനേക്കാൽ മൂർച്ചയുള്ള വാക്കുകൾ പുറപ്പെടുവിക്കാനാകുന്നവന്റെ മുന്നിലാണ് താൻ നിൽക്കുന്നതെന്ന ബോധം പത്രോസിന് നഷ്ടപ്പെട്ടു. മൽക്കോസ് അന്ന് മരിച്ചുവീണെങ്കിൽ പത്രോസിന് നഷ്ടമാകുന്നത് നിത്യജീവനായിരുന്നു. ഓടിയതും അദ്ധ്വാനിച്ചതും വ്യഥാവായ് തീർന്നേനെ. ഭാഗ്യം കൊണ്ട് കാതുമുറിഞ്ഞതേയുള്ളൂ. ശത്രുവായ മൽക്കൊസിനെ യേശു തൊട്ടു സുഖപ്പെടുത്തി. മിത്രമായ പത്രോസിനെ രക്ഷപ്പെടുത്തി.

ഒരു ഖഡ്ഗം വരുത്തിവച്ച വിന. ഇതിനൊക്കെ ഹേതുഭൂതകമായത് അനവസരത്തിൽ സൂക്ഷിച്ച ഖഡ്ഗമായിരുന്നു. യേശുവിനോടു കൂടെയുള്ളവർ ചോദിച്ചു ''കർത്താവേ.... ഞങ്ങൾ വാൾകൊണ്ട് വെട്ടണമോ'' പത്രോസ് പ്രശ്നോത്തരിക്ക് കാത്തു നിൽക്കാതെ വാളെടുത്തു വെട്ടി. യേശുവിന്റെ വാക്കുകൾ ചരിത്രത്തിന്റെ വാക്കുകളായി. ''വാൾ ഉറയിലിടുക... വാൾ എടുക്കുന്നവൻ എല്ലാം വാളാൽ നശിക്കും''. യേശുപറഞ്ഞതിനൊരു സാംഗത്യമുണ്ട്. ''ഇന്ന് നീ വാളെടുത്താൽ നിന്റെ അനുയായികളും പിന്നാലെ വരുന്നവരും വാൾ എടുക്കും. നീ എന്തെടുക്കുന്നുവോ, അതെടുക്കാൻ പിൻതലമുറ പ്രതിജ്ഞാബദ്ധമാണ്. വാളും, വടിയും കുരിശും, കുപ്പായവും, ജപമാലയും ധൂപക്കുറ്റിയും നീ കൈയ്യിലെടുത്താൽ അവരും അതെടുക്കും. നീ തിരുവചനമെടുത്താൽ തലമുറയും അതായിരിക്കും എടുക്കുക.

അക്രമത്തിന്റെയും പകയുടേയും പാനഥാവുകൾ തെരെഞ്ഞെടുത്താൽ നിത്യജീവനായിരിക്കും നഷ്ടപ്പെടുന്നത്. അതിനാൽ ഖഡ്ഗം തൽസ്ഥാനത്ത് തന്നെയായിരിക്കട്ടെ! വാളെടുക്കുന്നവൻ വാളാൽ ഒടുങ്ങിപ്പോകും.

ചരിത്രത്തിൽ ആരെല്ലാം വാളെടുത്തിട്ടുണ്ടോ അവരുടെയെല്ലാം അന്ത്യം വാളാലായിരുന്നു. ആകയാൽ നീ എടുക്കേണ്ടത് ജഡീകമായുള്ള ആയുധങ്ങളല്ല, ഞങ്ങളുടെ പോരിന്റെ ആയുധങ്ങൾ ജഡീകങ്ങളല്ലായെന്ന് വിശുദ്ധനായ പൗലോസും പ്രബോധിപ്പിക്കുന്നു (2 ശമുവേൽ 10:4). ●


**Royal Enterprises**

**COMMERCIAL PRINTERS**

29, Saibaba Nagar,
Shell Colony Road,
Chembur, Mumbai - 400 071.

**Mob.: 9619078852**

Advt. 47



If you have been blessed by this Magazine please introduce it to others. To receive this magazine please contact :

**SUVARTHA PUBLICATIONS**
P.O. Box No. 17082, Tilaknagar,
Chembur, Mumbai - 400 089
Mob.: 9821 33 22 73


## സത്വചനങ്ങൾ

1. നാളെ എന്നൊന്ന് ജീവിതത്തിലില്ല എന്നറിയുമ്പോഴാണ് നമ്മൾ ജീവിതത്തെ കൂടുതൽ സ്നേഹിച്ചു തുടങ്ങുന്നത്.
2. തുറന്ന കുറ്റപ്പെടുത്തലാണ് നിഗൂഢമായ സ്നേഹത്തേക്കാൾ മെച്ചം.
3. പിന്നിൽ നിന്നു കുത്തുന്ന ശത്രുവിനേക്കാൾ സൂക്ഷിക്കേണ്ടത്, സമ്പത്തോ, സൗന്ദര്യമോ കാണുമ്പോൾ നമ്മെ ഒഴിവാക്കി അവരെ കൂട്ടു പിടിക്കുന്ന സ്നേഹിതന്മാരെയാണ്.
4. ജീവിതത്തിൽ എന്തു പ്രതിസന്ധിയുണ്ടായാലും എന്റെ ദൈവം എന്നെ കൈ വെടിയുകയില്ല എന്നുള്ള അചഞ്ചലമായ വിശ്വാസം കാത്തു സൂക്ഷിക്കുക. ഈ വിശ്വാസത്തിൽ നിരാശയുണ്ടാകയില്ല.
5. സഹായിക്കുക എന്നതിനേക്കാൾ വലിയ കാര്യമാണ് ആരെയും ഉപദ്രവിക്കാതിരിക്കുക എന്നത്.
6. യേശു ഒരു മതത്തിന്റെ ദൈവമല്ല സകല മനുഷ്യരുടെയും ദൈവമാണ്.
7. നമ്മുടെ കണ്ണുകൾ നിറയുമ്പോൾ ആശ്വാസം പകരാൻ ആദ്യം എത്തുന്നത് നമ്മൾ സ്നേഹിക്കുന്നവരായിരിക്കുകയില്ല, മറിച്ച് നമ്മളെ സ്നേഹിക്കുന്നവരാണ്.
8. വിനയം കൊണ്ട് ചെറുതാകാൻ ശീലിക്കുമ്പോൾ നാമറിയാതെ നമുക്കുയരാൻ സാധിക്കും.
9. നമ്മൾ മാറി നിൽക്കുന്നതുകൊണ്ട് ചിലർക്ക് സന്തോഷമാകുമെങ്കിൽ അവർ സന്തോഷിക്കട്ടെ. അതല്ലേ മ്മുടെ സന്തോഷം.
10. മുകളിലേക്ക് കയറി പോകുമ്പോൾ കാണുന്നവരോട് നന്നായി പെരുമാറുക; കാരണം താഴേക്ക് ഇറങ്ങി വരുമ്പോൾ വീണ്ടും അവരെ കാണേണ്ടതാണ്.

– സാക്ഷി

# ബന്ധങ്ങൾ നഷ്ടമാക്കരുത്

ഡോ. എഡിസൺ തോമസ്
വേങ്ങൂർ.

ഈ ദിവസങ്ങളിൽ മാനുഷിക ബന്ധങ്ങൾ ഊട്ടിഉറപ്പിക്കുവാൻ വേണ്ടി അയൽകൂട്ടങ്ങൾ, കുടുംബയോഗങ്ങൾ, സ്ത്രീശക്തി, കുടുംബശ്രീ എന്നിങ്ങനെയുള്ള പല കൂട്ടായ്മകൾ മനുഷ്യരുടെ ഇടയിൽ ഉണ്ട്. ഇത്തരം പരിപാടികളിലൂടെ അയൽബന്ധങ്ങളും കുടുംബബന്ധങ്ങളും കൂടുതൽ സ്ഥാപിക്കപ്പെടുകയാണ്. ഇന്നു സമൂഹങ്ങളിലും സഭകളിലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് കുടുംബബന്ധങ്ങളാണ്, ഒരു ഉദാഹരണം പറയട്ടെ, പണ്ടൊക്കെ നമ്മൾ ആരാധനായോഗങ്ങളിൽ നടന്നുപോകുകയായിരുന്നു പതിവ്. എന്നാൽ ഇന്നു നമുക്കു സൗകര്യങ്ങളും ചുറ്റുപാടുകളും സാമ്പത്തികവും വർദ്ധിച്ചപ്പോൾ മുന്തിയ വാഹനങ്ങളിൽ യോഗങ്ങൾക്കും കൂട്ടങ്ങൾക്കും പോയി തുടങ്ങി. അങ്ങനെ വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ ആളുകളോടും അയൽവാസികളോടും സംസാരിക്കുവാനോ സമ്പർക്കം പുലർത്തുവാനോ കഴിയുന്നില്ല. അക്കാരണത്താൽ ബന്ധങ്ങൾ പതുക്കെ പതുക്കെ നഷ്ടമാകുകയാണ്. ഒരു കാലത്ത് ജാതിയോ മതമോ വർഗ്ഗമോ വിശ്വാസമോ നോക്കാതെ എല്ലാവരുമായി സ്നേഹബന്ധം സ്ഥാപിച്ചിരുന്നു. എന്നാൽ ഇന്നു അതെല്ലാം നഷ്ടമായി. മനുഷ്യർ സ്വാർത്ഥരും പരസ്പരം ബന്ധമില്ലാത്തവരുമായി ബന്ധങ്ങൾ മധുരമാക്കുവാൻ പല വഴികൾ ഉണ്ട്. ചില നാളുകൾക്ക് മുമ്പ് പത്രത്തിൽ ഞായറാഴ്ചയിലെ പ്രത്യേക പതിപ്പിലെ ഇന്നത്തെ ചിന്താവിഷം എന്ന പംക്തിയിൽ വായിച്ചതായ ഒരു കഥ ഇപ്രകാരമാണ്. ബൈബിൾ നാടുകളിൽ വളരെ പ്രചാരമുള്ള ഒരു കഥയാണ്. ഒരു ചെരുപ്പുപണിക്കാരനു രണ്ടു മക്കളുണ്ടായിരുന്നു. ജീവിതവൃത്തികൊണ്ട് ചെരിപ്പുകടയും വസ്തുവകകളും സമ്പാദിച്ച അയാൾ രണ്ടുമക്കളെയും അടുക്കൽ വിളിച്ച് സമ്പാദ്യം ഭാഗം വച്ചു. മൂത്തമകന് കടയും അന്നുവരെ സമ്പാദിച്ച വസ്തുവകകളും കൊടുത്തു. ഒരു വ്യവസ്ഥ മാത്രം അനുജന് എല്ലാദിവസവും ഭക്ഷണത്തിനു വക ജ്യേഷ്ഠൻ നൽകുന്നതിനോടൊപ്പം മധുരക്കരിമ്പിന്റെ ഒരു തണ്ടുകൂടി കൊടുക്കണം. മൂത്തമകൻ സമ്മതിച്ചു. അനുജൻ എല്ലാദിവസവും കരിമ്പു തിന്നു. മധുരക്കരിമ്പു തിന്ന അയാളുടെ മുഖത്ത് മാധുര്യമുള്ള പുഞ്ചിരി സദാ വിരിഞ്ഞുനിന്നു. മാത്രമല്ല മാധുര്യമുള്ള വാക്കും പെരുമാറ്റവും അതോടൊപ്പമുണ്ടായി. ആർക്കും ആഹ്ലാദം പകരുന്ന സാന്നിധ്യം നഗരവാസികൾ എല്ലാം അവനെ ഇഷ്ടപ്പെട്ടു. അവൻ എല്ലാവരുടെയും കണ്ണിലുണ്ണിയായിത്തീരുകയും ചെയ്തു. എന്തു ദുഃഖമുണ്ടായാലും പ്രശ്നമുണ്ടായാലും അയാളോടൊന്നു സംസാരിച്ചാൽ മതി ശമനമുണ്ടാകും. മധുരശീലനായ ആ യുവാവ് നഗരവാസികളുടെ ആരാധ്യ പുരുഷനായി അയാൾ പടിപടിയായി ഉയർന്നു. ഇത് ഒരു ലളിതമായ കഥയാണെങ്കിലും ഇതിൽ വലിയൊരു അർത്ഥവും ആശയവുമുണ്ട്. പുഞ്ചിരിയും ശാന്തസ്വഭാവും സ്വാന്തനവാക്കുകളും ആളുകൾക്കു ആശ്വാസവും പ്രയോജനവും ആയിരിക്കും.

ദൈവം മനുഷ്യനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യത്തെപ്പറ്റി ചിന്തിക്കുമ്പോൾ ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ദൈവവുമായുള്ള കൂട്ടായ്മ അഥവാ ബന്ധം സ്ഥാപിക്കുവാൻ വേണ്ടിയാണ്. ആരംഭകാലത്ത് ആ ബന്ധങ്ങൾ ഉണ്ടായിരുന്നു, എന്നാൽ മനുഷ്യന്റെ പാപത്തിന്റെ ഫലമായി ദൈവവുമായുള്ള ബന്ധം നഷ്ടമായി അത് ക്രിസ്തുവിലൂടെ പുനഃസ്ഥാപിക്കുകയും ചെയ്തു. തുടർന്നു ദൈവം യിസ്രായേൽ ജനത്തിലൂടെയും മറ്റും ബന്ധം സ്ഥാപിച്ചു.

അതെ, ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട് പുളിച്ച വിന്നാഗിരികൊണ്ട് പിടിക്കാവുന്നതിൽ അധികം ഈച്ചകളെ മധുരിക്കുന്ന ശർക്കരപ്പാവുകൊണ്ടു പിടിക്കാൻ സാധിക്കും. വെറുപ്പും വിദ്വേഷവും ബന്ധങ്ങൾ അകറ്റുമ്പോൾ മറ്റുള്ളവർക്കു കുളിർമയും സന്തോഷവും നൽകുന്ന വാക്കുകളും പ്രവർത്തികളും ബന്ധങ്ങളെ കുടുതൽ അടുപ്പിക്കുന്നു.

മാർട്ടിൻ ലൂഥർ എന്ന ദൈവശാസ്ത്രജ്ഞനും നവോത്ഥാനത്തിന്റെ പിതാവും ആയ വ്യക്തി തന്റെ സമകാലികനും പണ്ഡിതനുമായ ഹാക്ക് എന്ന പ്രസിദ്ധ വേദശാസ്ത്രജ്ഞനോടു സംസാരിക്കുന്ന അവസരങ്ങളിൽ സുഗന്ധം പരത്തുന്ന ഒരു പൂച്ചെണ്ട് കൈയിൽ കരുതുമായിരുന്നു. വാദങ്ങൾ ചൂടുപിടിക്കുമ്പോൾ ലൂഥർ സ്വന്തം കൈയിലെ പൂച്ചെണ്ടു നോക്കി മണക്കുമായിരുന്നു. താളം തെറ്റാതെയും വികാരങ്ങൾക്കു അടിമപ്പെടാതെയും സ്വയം നിയന്ത്രണം പാലിച്ച് ബന്ധങ്ങൾ കാത്തു സൂക്ഷിക്കുമായിരുന്നു.

തിരുവചനം ബന്ധങ്ങൾ സൂക്ഷിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ധാരാളം പ്രസ്താവിച്ചിട്ടുണ്ട്. അപ്പനു മക്കളോടും മക്കൾക്കു മാതാപിതാക്കളോടും ബന്ധുക്കളോടും ചാർച്ചക്കാരോടും സമൂഹത്തോടും ബന്ധമുണ്ട്. മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്. സാമൂഹിക ജീവിയായ മനുഷ്യനു ബന്ധങ്ങൾ കാത്തുസൂക്ഷിക്കാതെയും പാലിക്കാതെയും ജീവിക്കുവാൻ കഴിയുകയില്ല. ക്രൈസ്തവ സഭയുടെ പ്രാരംഭഘട്ടത്തിൽ ദൈവമക്കളുടെ ഇടയിൽ ബന്ധങ്ങൾ സൂക്ഷിച്ചിരുന്നു. സ്നേഹസദ്യ, കൂട്ടായ്മ, ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇവയെല്ലാം ബന്ധങ്ങൾ സൂക്ഷിക്കുവാൻ വേണ്ടി തയ്യാറാക്കിയതായിരുന്നു. ഫിലിപ്പ്യ സഭയിലെ ദൈവമക്കൾ കൊടുക്കുന്ന കാര്യത്തിലും സഹായിക്കുന്ന കാര്യത്തിലും മുൻപന്തിയിലായിരുന്നു. അതുകൊണ്ട് അവിടെയുള്ള ദൈവമക്കളുമായി പൗലോസിനു നല്ല ബന്ധ

» 24

**അഭിമുഖം**

## ഡോ. ഇടിചെറിയ നൈനാനുമായി സുവാർത്താ പ്രവർത്തകർ നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ

*ഇപ്പോൾ ഏതൊക്കെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു?*

ഐ.പി.സി. ജാർഖണ്ഡ് സ്റ്റേറ്റിന്റെ പ്രസിഡണ്ട്. ബാംഗ്ലൂരിലുള്ള സാക്സ് ബൈബിൾ സെമിനാരിയിൽ പുതിയ നിയമവിഭാഗത്തിന്റെ H.O.D., IPC EWS ന്റെ വൈസ് പ്രസിഡണ്ട് എന്നീ നിലകളിൽ സേവനം അനുഷ്ഠിക്കുന്നു.

*ഐ.പി.സി. ജാർഖണ്ഡിന്റെ ചുമതല എന്നു മുതലാണ് എടുത്തത്?*

2017 ഏപ്രിൽ 1-ാം തീയതി ചാർജ്ജെടുത്തു.

*യുവജനപ്രവർത്തകനും വചന അദ്ധ്യാപകനുമായിരുന്ന താങ്കൾ എങ്ങനെയാണ് സഭാ നേതൃത്വത്തിലേക്ക് കടന്നുവന്നത്?*

പാസ്റ്റർ ജേക്കബ് ജോണിന്റെ നിർബന്ധത്താലും പാസ്റ്റർ ഐസക് മത്തായി ആവശ്യപ്പെട്ടതുകൊണ്ടുമാണ് ഞാൻ ഈ ചുമതല ഏറ്റെടുത്തത്.

*ഇപ്പോൾ എത്ര സഭകൾ നിങ്ങൾക്കുണ്ട്?*

78 സഭകളുണ്ട്. ഈ വർഷം 100 സഭകളാകുവാൻ എല്ലാ പരിശ്രമങ്ങളും ചെയ്തു വരികയാണ്.

*സഭാ പ്രവർത്തനങ്ങളുടെ വിശാലതയ്ക്കുവേണ്ടി നിങ്ങൾ എന്താണ് ചെയ്യുന്നത്?*

ALFA, BILT, Thimothy Initiative ഇത്യാദി കോഴ്സുകൾ നടത്തി പാസ്റ്റർമാരെ ഫലപ്രദമായ പ്രവർത്തനങ്ങൾക്കു സജ്ജമാക്കുന്നു. കൂടാതെ ഇന്ത്യയിലെ സ്ഥിതിഗതികൾ മാറിമറിഞ്ഞു വരുന്നതുകൊണ്ട് ദേശത്തിനുവേണ്ടി ഇടുവിൽ നിന്നു പ്രാർത്ഥിക്കുവാൻ ജനത്തെ പ്രേരിപ്പിക്കുന്നു.



ഡോ. ഇടിച്ചെറിയ നൈനാൻ, ബ്ര. എം. സി. ഡാനിയേൽകുട്ടി (സാം), പാസ്റ്റർ ചാക്കോച്ചൻ റ്റി. എന്നിവർ

*താങ്കൾ യുവജന പ്രവർത്തകനായിരുന്നല്ലോ. സഭാനേതൃത്വത്തിൽ എങ്ങനെയാണ് ചെറുപ്പക്കാരെ ഉൾക്കൊള്ളുവാൻ പോകുന്നത്?*

കഴിവുള്ളയിടത്തൊക്കെ ചെറുപ്പക്കാരെ സഹകരിപ്പിക്കും.

*വിശദീകരിക്കാമോ?*

സണ്ടേസ്കൂൾ, പി.വൈ.പി.എ. എന്നിവയെ ശക്തമാക്കും, VBS കഴിവുള്ള ഇടത്തൊക്കെ നടത്തും, ഇവിടെയെല്ലാം നമ്മുടെ കഴിവും വിദ്യാഭ്യാസവുമുള്ള ചെറുപ്പക്കാരെ നിയോഗിക്കും. ഐ.ടി. ക്കാരെയും അദ്ധ്യാപകരെയും ചേർത്ത് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും.

*ഒരു സ്റ്റേറ്റ് പ്രസിഡണ്ട് എന്ന നിലയ്ക്ക് വായനക്കാരോടു പറയുവാനുള്ള സന്ദേശമെന്താണ്?*

നമ്മുടെ കുടുംബങ്ങൾ വചനാനുസൃതമാക്കുവാൻ മാതാപിതാക്കളും പാസ്റ്റർമാരും പ്രത്യേകം ശ്രദ്ധിക്കണം. പുതുതലമുറയ്ക്കു എല്ലാ ജ്ഞാനവും സുലഭമായി ലഭിക്കുന്നു. അതുകൊണ്ടു ദൈവവചനത്തിനു വേണ്ടത്ര പ്രാധാന്യം അവർ കൊടുക്കുന്നില്ല. വചനം അറിയാത്ത പുതുതലമുറ വചനവിരുദ്ധമായ ഉപദേശങ്ങളെ തിരിച്ചറിയാൻ കഴിയാതെ ഓരോ ദുരുപദേശക്കൂട്ടങ്ങളിലും ചെന്നു കുരുങ്ങുന്നു. അങ്ങനെ അവരുടെ ആത്മീകവും ഭൗതീകവുമായ നന്മകൾ അവർ നശിപ്പിക്കുന്നു. അതുകൊണ്ടു തന്നെ സഭകളിൽ യുവജനങ്ങൾ കുറഞ്ഞു വരികയാണ്. എല്ലാവർക്കും അവരവരുടെ ചിന്താഗതിക്കനുസരിച്ചു ആരാധിക്കുന്നതാണ് ഇഷ്ടം. വചനം അതനുവദിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നില്ല താനും. ഈ സ്ഥിതിക്കു ഭേദം വരണം. വചനാടിസ്ഥാനത്തിൽ നിന്നുകൊണ്ടു വ്യവസ്ഥാപിതമായി ആരാധിക്കണം നമ്മുടെ കുഞ്ഞുങ്ങൾക്കുവേണ്ടി മാതാപിതാക്കൾ കണ്ണീരോടെ പ്രാർത്ഥിക്കണം. ഒരു ദൈവീക ഇടപെടൽ പെന്തെക്കോസ്തു കുടുംബങ്ങളിൽ പ്രത്യേകിച്ചു പെന്തെക്കോസ്തു യുവജനങ്ങളുടെ ഇടയിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. അതിനായി നമുക്കെല്ലാവർക്കും ദൈവത്തോടു പ്രാർത്ഥിക്കാം. ●


**ലഘുലേഖകൾക്ക് ബന്ധപ്പെടുക**









ഐ.പി.സി. മഹാരാഷ്ട്രാ സ്റ്റേറ്റിലെ എല്ലാ ഡിസ്ട്രിക്റ്റിലേക്കും ആവശ്യമായ വിവിധ മറാഠി ലഘുലേഖകൾ തയ്യാറായിട്ടുണ്ട്. ആവശ്യമുള്ള സഭകളുടെയോ ഡിസ്ട്രിക്റ്റുകളുടേയോ ഉത്തരവാദിത്വപ്പെട്ടവർ ബന്ധപ്പെടുക

**Bro. Varghese Kollakompil - Mob.: 09821 332273**

# परमेश्वर की दृष्टि

**पास्टर अमित गुरनानी, मुंबई.**



**भ.सं.३३:१३,१४ यहोवा स्वर्ग से दृष्टि करता है, वह सब मनुष्यों को निहारता है, अपने निवास के स्थान से सब रहने वालों को देखता है।**

परमेश्वर की दृष्टि हर मनुष्य पर, जो जगत में है, लगी रहती है। वह सब को देखता और निहारता है। वह सबके हृदय को गढ़ता और सबके कामों का विचार करता है (आयत.१५)। हर मनुष्य दूसरे मनुष्य को देखते समय उसके बाहरी रूप को देखता है अर्थात उसके कपड़े, रंग, ऊंचाई, बातचीत, इत्यादि परंतु परमेश्वर शमूएल से कहता है, यहोवा की दृष्टि मन पर रहती है (१शमूएल १६:७)। परमेश्वर की आंखें पृथ्वी के सब स्थानों में लगी रहती हैं, वह बुरे और भले दोनों को देखती रहती हैं (नीति १५:३)।

परमेश्वर की आंखों ने पृथ्वी के लोगों की बुराई देखी (उत्पति.६:५-७), सदोम और अमोरा की दुष्टता को देखा (उत्पति.१३:१३), एमोरियों के अधर्म को भी देखा (उत्पति.१५:१६)। परमेश्वर की आंखों ने निनवे को, जो न्यायदण्ड के अधीन था, उसके पश्चताप को भी देखा (योना.१:२; ३:४), बुरे मनुष्यों के बीच धर्मी नूह को भी देखा (उत्पति.६:५-८)। यीशु मसीह सात कलीसियाओं को उनकी अच्छाई और बुराई दोनों बताता है। परमेश्वर की दृष्टि बुरे भले दोनों पर रहेती है।

**परमेश्वर चार बातों के लिए मनुष्यों पर दृष्टि रखता है................**

**१. परमेश्वर ने स्वर्ग में से मनुष्यों पर दृष्टि की है, कि देखे कोई बुद्धिमान, कोई परमेश्वर का खोजी है या नहीं (भ.सं.१४:२)।**

परमेश्वर दृष्टि करता है कि इस दुष्ट के अधीन और भक्तिहीन संसार में उसका कोई खोजी है या नहीं। वह उन भक्तों को जो उसका भजन आत्मा और सच्चाई से करते हैं, ढूँढता है (युहन्ना.४:२३)।

हमें बुद्धिमान होना है, अपने आप को इस संसार की मलिनता से बचाते हुए परमेश्वर का खोजी होना है। अपने आप को इस टेढ़ी जाति से बचाना है (प्रेरितों.२:३८,४०)। परमेश्वर का भय मानना है (नीति. १:७; ९:१०; भ.सं.१११:१०; अय्यूब.२८:२८; सभो.१२:१३,१४)। परमेश्वर की इच्छा जानना है (इफि.५:१७)।

इस्राएल ने जब परमेश्वर को छोड़ दिया, परमेश्वर ने अपने दासों के द्वारा कहा, तुम मेरी खोज में लगो, तब जीवित रहोगे (आमोस.५:४)। अन्यजातियों के लिए भी परमेश्वर ने सिवाना बांधा है कि वे परमेश्वर को ढूंढें (प्रेरितों.१७:२६,२७)। परमेश्वर को पूर्ण मन से ढूंढने पर हम उसको पाएंगे (यिर्म.२९:१३; व्यव.४:२९)। जब तक वह निकट है उसकी खोज में रहना है (यशा.५५:६)।

**परमेश्वर की खोज करने से............**

- परमेश्वर मिल जाता है (प्रेरितों.१७:२६, २७; यिर्म.२९:१३; व्यव.४:२९)।
- हम जीवित रहेंगे (आमोस.५:४,६)।
- वह प्रतिफल देता है (ईब्रा.११:६)।
- उसकी भलाई की कृपादृष्टि रहती है (एज्रा.८:२२)।
- हर्ष और आनंद मिलता है (भ.सं.७०:४)।

**२. ईश्वर की आंखे मनुष्य की चालचलन पर लगी रहती हैं, और वह उसकी सारी चाल को देखता है (अय्यूब.३४:२१)।**

परमेश्वर स्वर्ग से मनुष्य की सारी चालचलन पर दृष्टि रखता है। कोई मनुष्य परमेश्वर से छिप नहीं सकता और न उसकी चालचलन परमेश्वर से छिप सकती है। दाऊद कहता है कि वह आकाश पर चढ़े या अधोलोक में अपना बिछौना बिछाए या समुद्र के उस पार जा रहे तो भी परमेश्वर वहां है। अन्धकार भी परमेश्वर के सामने उजियाले समान है, रात भी दिन के तुल्य प्रकाश देती है। जगत का कोई स्थान मनुष्य को परमेश्वर से छिपा नहीं सकता (भ.सं.१३९:८-१२; अय्यूब.३४:२२)। परमेश्वर मनुष्य का उठना बैठना, विचार जानता है, उसका चलना और लेटना छानबीन करता है और पूरी चालचलन का भेद जानता है, मुंह की कोई बात उससे छिपी नहीं (आयत.३,४)। परमेश्वर सबके कामों को भलीभांति जानता है।

मैं तेरे कामों को जानता हूं हर संदेश के साथ, यीशु ने ७ कलिसियाओं से कहा (प्रका.२:२-४, १३-१५, १९-२९; ३:१,१५)। यीशु ने सामरी स्त्री के वर्तमान जीवन के बारे में बताया (यूहन्ना.४), नथनएल के विषय में कहा उसमें कोई कपट नहीं (यूहन्ना.१:४७)। परमेश्वर की दृष्टि मनुष्य के सारे मार्गो में बनी रहती है (नीति.५:२१)।

**३. परमेश्वर स्वर्ग से दृष्टि करता है कि मनुष्यों को उसकी चाल चलन के अनुसार प्रतिफल दे (नीति २४:१२)।**

परमेश्वर मनुष्य को उसकी चाल चलन का प्रतिफल देता है। बाईबल पढ़ते समय हम समझ सकते हैं कि परमेश्वर का ध्यान हर व्यक्ति, कुटुंब, गांव, शहर देश, जाति के ऊपर है। जब शाऊल राजा परमेश्वर के सामने ठीक चाल चला तब परमेश्वर ने उसे आशीर्वाद दिया, पर जब वह हठी और घमंडी होकर पाप करने लगा तब उसका फल परमेश्वर ने उसे दिया। जिस परमेश्वर ने उसे पवित्र आत्मा से भरा उसी परमेश्वर की ओर से उसे दुष्ट आत्मा सताने लगी। परमेश्वर ने इस्राएल को उनकी अच्छी चाल का आशीर्वाद दिया, उसने उनकी बुरी चाल का दण्ड भी दिया। सुलैमान के जीवन भर कोई शत्रु नहीं था परंतु जब उसने परमेश्वर को छोड़ दिया और अन्य देवताओं की उपासना करने लगा, परमेश्वर क्रोधित होकर शत्रुओं को

उसके विरूद्ध उबारा। जो राजा परमेश्वर की दृष्टि में ठीक चाल चले, परमेश्वर ने उनको धन दिया और बुद्धि दी, उनके देश की सीमा बढ़ाई, उनके कुटुंब और संतानों को आशीर्वाद दिया। जैसे कि दाऊद, हिजिक्याह, योशिय्याह, इत्यादि। यीशु ने कहा है, मैं जल्द आनेवाला हूं और हर एक को उसका प्रतिफल देने के लिए मेरे पास है।

**४. यहोवा अपने डरवैयों पर अपनी दृष्टि रखता है इसलिए कि वह उनके प्राणों की रक्षा करे (भ.सं.३३:१८,१९)।**

1) परमेश्वर उनपर दृष्टि इसलिए रखता है कि उनके प्राणों को मृत्यु से बचाए--- हम जानते हैं कि हनन्याह, मीशाएल, और अजर्याह को सातगुना अधिक धधकती हुई अग्नि में डाला गया। वे पुरुष जिन्होंने इनको आग में डाला वे आग की आंच से जल मरे परंतु उन तीनों को कुछ हानि नहीं पहुंची, उनको बांधी गई बाबुल की रसियां जल गई (दानि.३:१९-२५)। दानिएल को परमेश्वर ने सिहों के संकट से बचाया था परंतु दानिएल के विरूद्ध साजिश रचे हुए अपने परिवारों समेत सिहों का आहार हुए (दानि.६:१६-२४)। एलिय्याह के विरूद्ध में इजेबेल ने कहा कि उसका प्राण उससे अलग कर लेगी परंतु इज़ेबेल महल की खिड़की से सिर के बल गिरा दी गई और उसकी लोथ को कुत्तों ने खाया, परंतु एलिय्याह अग्निमय रथ और सेना के साथ जीवित स्वर्ग में उठा लिया गया। यहूदियों को मृत्यु से बचाने के लिए परमेश्वर ने एस्तेर को रानी के पद पर बिठाया (एस्तेर.४:१४)।

2) अकाल के समय अपने डरवैयों को जीवित रखे इसलिए परमेश्वर उनपर दृष्टि रखता है (३३:१९)

याकूब और उसके कुटुंब को बचाने के लिए परमेश्वर ने युसुफ को पहिले ही मिस्र में भेज दिया कि वह अकाल के समय उनके लिए प्रबंध करे (उत्पति.५०:२०)। इस्राएल के भयंकर अकाल के समय तिशबी एलिय्याह के लिए कौओं के द्वारा रोटी और मांस का प्रबन्ध किया और करीत नाम नाले से पानी पिलाया। उसके पश्चात् सारपत नगर की विधवा के घर में प्रबंध किया; विधवा और उसका बेटा भी जीवित रहे। ४० वर्ष इस्राएल को स्वर्ग से मन्ना दिया और चट्टान से पानी पिलाया और मांस दिया। दाऊद कहता है मैं लड़कपन से लेकर बुढापे तक देखता आया हूं, परंतु न कभी धर्मी को त्यागा हुआ और उसके वंश को टुकड़े मांगते देखा है (भ.सं.३७:२५)। धर्मी को यहोवा कभी भूखों मरने नहीं देता और उसकी लालसाओं को वह पूरी करता है (नीति.१०:३,२४)। ●


## ഇത് നിങ്ങളുടെ മാസികയാണ്

നിങ്ങൾ ഒരു എഴുത്തുകാരനാകുവാനാഗ്രഹിക്കുന്നുവോ? നിങ്ങളുടെ പക്കൽ ഒരു സാഹിത്യ സൃഷ്ടിയുണ്ടോ? നിങ്ങളെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. നിങ്ങളുടെ പ്രസംഗങ്ങൾ നൂറോ നൂറ്റൻപതോ പേർ മാത്രം കേൾക്കുമ്പോൾ നിങ്ങളുടെ ലേഖനങ്ങൾ, കവിതകൾ, ചെറുകഥകൾ, ഭാവനകൾ എന്നിവ വെളിച്ചം കാണാതെ ശൈശവത്തിൽ തന്നെ കൊഴിഞ്ഞുപോകുമ്പോൾ ഇരുപതിനായിരത്തിലധികം വായനക്കാരുള്ള സുവാർത്തയുടെ താളുകൾ ഞങ്ങൾ നിങ്ങൾക്കായി മാറ്റിവെക്കുന്നു. ഐ.പി.സി. മഹാരാഷ്ട്ര സ്റ്റേറ്റിലുള്ള പാസ്റ്റർമാർ വിശ്വാസികൾ യുവജനങ്ങൾ കുട്ടികൾ എല്ലാവർക്കും ഈ അവസരം ഉപയോഗിക്കാവുന്നതാണ്. നിങ്ങളുടെ സൃഷ്ടികളായ ലേഖനങ്ങൾ, ചെറുകഥകൾ, കവിതകൾ, ഭാവനകൾ, അനുഭവസാക്ഷ്യങ്ങൾ, നിങ്ങളുടെ സഭകളിൽ നടക്കുന്ന പ്രത്യേക യോഗങ്ങളുടെ റിപ്പോർട്ടുകൾ, ഫോട്ടോകൾ, അറിയിപ്പുകൾ, പ്രാർത്ഥനാ വിഷയങ്ങൾ, വിവാഹ പരസ്യങ്ങൾ എന്നിവ താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക.

**Publisher**
**Suvartha Publications**
P.O. Box No. 17082, Tilaknagar, Chembur, Mumbai - 400 089
**E-mail:** suvartha@yahoo.com


## ബന്ധങ്ങൾ നഷ്ടമാക്കരുത്..... തുടർച്ച

മുണ്ടായിരുന്നു. ദൈവമക്കൾക്കു ആവശ്യമായ ഒരു സംഗതിയാണ് ബന്ധങ്ങൾ. എന്നാൽ ഇന്നു ഉപദേശത്തിന്റെയും പ്രമാണത്തിന്റെയും വ്യാഖ്യാനത്തിന്റെയും പേരിൽ മനുഷ്യരും വിശ്വാസികളും പരസ്പരം കലഹിക്കുന്നു. ഇതെല്ലാം മാനുഷിക ബന്ധങ്ങളെ തകർക്കുകയാണ് ഇന്ത്യയുടെ അടിസ്ഥാന പ്രശ്നങ്ങളിൽ ഒന്നാണ് ജാതിയുടെയും മതത്തിന്റെ യും ഭാഷയുടെയും വർഗ്ഗത്തിന്റെയും വർണ്ണത്തിന്റെയും ലിംഗത്തിന്റെയും പേരിൽ കലഹിച്ചും വിഘടിച്ചുംകൊണ്ടു മുന്നോട്ടു പോകുന്നു മനുഷ്യ സമൂഹം. എന്നാൽ ഈ കാലത്തിൽ മാനുഷിക ബന്ധങ്ങൾക്കു പ്രാധാന്യവും ഊന്നലും നൽകി ആരോഗ്യകരമായ ഒരു മനുഷ്യസമൂഹത്തെ നാം സൃഷ്ടിക്കണം. അതാണ് ഇന്നത്തെ മനുഷ്യർക്ക് ആവശ്യം.

അപ്പോസ്തലനായ യോഹന്നാൻ ബന്ധങ്ങളെ സഹായിക്കുവാൻ വേണ്ടി ഉപയോഗിക്കുന്ന പദപ്രയോഗമാണ് കൂട്ടായ്മ (Fellowship). കൂട്ടായ്മ എന്നാൽ ഒന്നിലധികം ആളുകൾ ഒരുമിച്ചു സഞ്ചരിക്കുകയും ഒരേ ആശയത്തിലേക്കു യാത്ര ചെയ്യുന്നതുമാണ്. ഇതിന്റെ പിന്നിലെ സന്ദേശവും കൂട്ടായ്മ അഥവാ ബന്ധമാണ്. നാം സാധാരണ പറയാറുള്ളതാണ് ഐക്യമത്യം മഹാബലം 'Unity is strength'. ഏതൊരു കാര്യവും വിജയിക്കണമെങ്കിൽ അതിന്റെ പുറകിൽ ബന്ധങ്ങളും കൂട്ടായ്മകളും ഒത്തുചേരലുകളും ആവശ്യമാണ്. സഭാചരിത്രം പരിശോധിക്കുമ്പോൾ സുന്നഹദോസുകൾ ഉണ്ടായിരുന്നു. അതുകൊണ്ട് ഉദ്ദേശിച്ചതും ഒത്തുചേരലുകളാണ്.

നമ്മുടെ ഒത്തുചേരലുകൾ മൂലം ബന്ധങ്ങൾ തകർന്നുപോയിട്ടുണ്ടെങ്കിൽ നാം ലക്ഷ്യത്തിൽ നിന്നും അകലംവിട്ടു സഞ്ചരിക്കുന്നവരാണ്. ഒത്തുചേരലുകൾ നമ്മുടെ ബന്ധങ്ങളെ ഊട്ടിഉറപ്പിക്കുന്നതാക്കാം. ദൈവം നമ്മെ സഹായിക്കട്ടെ. ●